## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

### സാന്നിദ്ധ്യം ഡി.ലീന ലിറ്റി.

വിഷയം : പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - പഞ്ചായത്ത് ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നത് - സംബന്ധിച്ച് - ശ്രീ.പി.രാജേന്ദ്രൻ, പ്രധാന അദ്ധ്യാപകൻ ഗവൺമെന്റ് ജവഹർ ഹൈസ്കൂൾ ആയൂർ.

വായന :
1) ജി.ഒ (ആർ.റ്റി) 955/2017/പൊ.വി.വ തീയതി: 01-04-2017.
2) 31-10-2017 ലെ കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ എ6/19160/2017 നമ്പർ കത്ത്.
3) ജി.ഒ (എം.എസ്) 02/2010/പൊ.വി.വ തീയതി: 02-01-2010.
4) ജി.ഒ (എം.എസ്) 20/2010/പൊ.വി.വ തീയതി: 20-01-2012
5) ജി.ഒ (എം.എസ്)132/2014/പൊ.വി.വ തീയതി: 17-07-2014.
6) ഈ ഓഫീസിലെ 04-07-2017 ലെ എസ്.വൈ1/6080/2012/ഡി.പി.ഐ നമ്പർ ഉത്തരവ്.
7) ഈ ഓഫീസിലെ 21-06-2016 ലെ ഡി5/13000/2016/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്.

### ഉത്തരവ് നമ്പർ ഡി (2)/88886/2017/ഡി.പി.ഐ/അ.തീ, തീയതി 01-03-2018.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ വായന (3) പ്രകാരം സർക്കാർ ഏറ്റെടുത്തിരിക്കുന്നു. ആയതിൻ പ്രകാരം ഒരു ജില്ലയിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ നിയമിച്ച ജീവനക്കാരുടെ പ്രത്യേക സീനിയോറിറ്റിയും പി.എസ്.സി മുഖേന നിയമനം ലഭിച്ചവരുടെ സീനിയോറിറ്റിയും പ്രത്യേകം തയ്യാറാക്കേണ്ടതും, അതാത് ജില്ലയിലെ പഞ്ചായത്ത് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥലംമാറ്റം/സ്ഥാനക്കയറ്റം എന്നിവ പഞ്ചായത്ത് നിയമിച്ച ജീവനക്കാരുടെ സീനിയോറിറ്റിയിൽ നിന്നും നിയമിക്കേണ്ടതാണെന്നും വായന (4), (5) പ്രകാരം സർക്കാർ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമിച്ച ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ കോമൺ പൂൾ സീനിയോറിറ്റി ലിസ്റ്റ് വായന (6) പ്രകാരം അന്തിമമായി പുറപ്പെടുവിച്ചിരുന്നു.

വായന (6) പ്രകാരമുള്ള കോമൺ പൂൾ സീനിയോറിറ്റി ലിസ്റ്റിൽ 69-ാമതായി ഉൾപ്പെട്ട ശ്രീ.പി.രാജേന്ദ്രൻ പ്രധാന അദ്ധ്യാപകനായി വായന (7) പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ടിയാൾ മേൽ തസ്തികയിൽ 16-09-2015 ൽ ജോലിയിൽ പ്രവേശിച്ചു. വായന (4), (5) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സ്ഥാനക്കയറ്റം സീനിയോറിറ്റി ട്രാൻസ്ഫർ എന്നിവ സംബന്ധിച്ചു മാത്രമേ വ്യവസ്ഥ ചെയ്തിരുന്നുള്ളു. ടി ജീവനക്കാരുടെ ഗ്രേഡ്, പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ

(മറുപുറം)

സംബന്ധിച്ച് യാതൊന്നും പ്രതിപാദിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ബഹു: സർക്കാരിൽ നിന്നും സ്പഷ്ടീകരണമോ, ഉത്തരവോ ലഭിക്കാതിരുന്ന സാഹചര്യത്തിൽ ജെ.എം.പി.എച്ച്.എസ് മലയാലപ്പുഴ, ഗവൺമെന്റ് ജവഹർ ഹൈസ്കൂൾ ആയൂർ എന്നീ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകനായിരുന്ന ശ്രീ.രാജേന്ദ്രൻ.പി-യുടെ നിരീക്ഷണകാലം പ്രഖ്യാപിച്ച് ഈ ഓഫീസിൽ നിന്നും ഉത്തരവ് നൽകിയിരുന്നില്ല.

വായന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ നിയമനാധികാരിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാർ ടി വിഷയത്തിൽ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവിന് വിധേയമായി എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്ന ചട്ടങ്ങൾ പ്രകാരം നിരീക്ഷണകാലം പ്രഖ്യാപിച്ചു നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു.

ജെ.എം.പി.എച്ച്.എസ് മലയാലപ്പുഴ, ഗവൺമെന്റ് ജവഹർ എച്ച്.എസ് ആയൂർ എന്നീ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകനായിരുന്ന ശ്രീ.പി.രാജേന്ദ്രന്റെ പ്രധാന അദ്ധ്യാപക തസ്തികയിലുള്ള നിരീക്ഷണകാലം 16-09-2016 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പ്രഖ്യാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ആയത്, പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്ന വിഷയത്തിൽ സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ഒപ്പ്)
**ഡി. ലീന ലിറ്റി,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം.**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്.**

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം.

പകർപ്പ് :

1) ശ്രീ.പി.രാജേന്ദ്രൻ,
   പ്രധാന അദ്ധ്യാപകൻ, ഗവൺമെന്റ് ജവഹർ എച്ച്.എസ്. ആയൂർ, കൊല്ലം.
2) കരുതൽ ഫയൽ

എ.സി-